എം.എം.എ.എൽ.പി സ്കൂൾ

കെടവൂർ

# സ്കൂൾ തല അക്കാദമിക

# മാസ്റ്റർ പ്ലാൻ.

2025-'26

കാഴ്ചപ്പാട്:-

മൂല്യബോധമുള്ള ഒരു പുതിയ തലമുറയെ വാർത്തെടുക്കുകയാണ് വിദ്യാലയത്തിന്റെ ലക്ഷ്യം. എന്ന കാഴ്ചപ്പാടിനെ സാക്ഷാത്കരിക്കുക.

പാഠ - പാഠാനുബന്ധ പ്രവർത്തനങ്ങളിൽ സജീവ താല്പര്യത്തോടെ കുട്ടികളെ പങ്കെടുപ്പിക്കുക. ശുചിത്വം , സഹാനുഭൂതി തുടങ്ങിയ മൂല്യങ്ങളും മനോഭാവവും രൂപപ്പെടുത്തുന്നതിനുള്ള സാഹചര്യം ഒരുക്കുക.

പാർശ്വവത്കരിക്കപ്പെട്ടവർക്ക് പ്രത്യേക പരിഗണനയും പങ്കാളിത്തവും ഉറപ്പാക്കുകയും പിന്തുണ നൽകുകയും ചെയ്യുക.

കുട്ടികളുടെ പ്രായത്തിനനുസരിച്ച് അവർ നേടേണ്ട ശേഷികളും ധാരണകളും നേടുന്നു എന്ന് ഉറപ്പുവരുത്തുക.

പരിസ്ഥിതി അവബോധത്തോടെ പെരുമാറാൻ പരിശീലിപ്പിക്കുക.

സർഗാത്മക കഴിവുകൾ പരിപോഷിപ്പിക്കുക. രക്ഷിതാക്കളെയും പഠന പ്രവർത്തനങ്ങളിൽ പങ്കാളികളാക്കുക

സമൂഹത്തെ വിദ്യാലയവുമായി ബന്ധിപ്പിക്കുക.

ഏറ്റെടുക്കുന്ന പ്രവർത്തനങ്ങൾ സമയബന്ധിതമായി നടപ്പാക്കുക. സ്കൂളിനെ മികവിന്റെ കേന്ദ്രമാക്കുക.

# മലയാളം

1. ലക്ഷ്യം:- മാതൃഭാഷ തെറ്റുകൂടാതെ കൈകാര്യം ചെയ്യാൻ പ്രാപ്തരാക്കുക.
കാലയളവ്:- ജൂൺ- മാർച്ച്.
ഭൗതികം:- പുസ്തകങ്ങൾ, കാർഡുകൾ, ലേഖനങ്ങൾ, പത്രമാസികകൾ.
വിഭവം:- അദ്ധ്യാപകർ, രക്ഷിതാക്കൾ.

പ്രവർത്തനം:-

തെറ്റുകൂടാതെ അക്ഷരങ്ങൾ മനസിലാക്കാനും വായിക്കാനും ചിഹ്നങ്ങൾ മനസിലാക്കാനും സഹായിക്കുക. വായനാ കാർഡുകളുടെ സഹായത്തോടെ വായനയെ പരിപോഷിപ്പിക്കുക. ഉയർന്ന ക്ലാസുകളിൽ ലൈബ്രറി പുസ്തകങ്ങൾ പരമാവധി പ്രയോജനപ്പെടുത്തുക. കവിത, കഥ, ലേഖനം എന്നീ മേഖലകളിൽ കൂടുതൽ പ്രോത്സാഹനം നൽകി അവർക്ക് അവതരിപ്പിക്കാനുള്ള അവസരം നൽകുക. കുട്ടികളുടെ നിലവാരത്തിനനുസരിച്ച് ക്ലാസിൽ വിവിധ ഭാഷാ കേളികൾ നടത്തുക.

2. ലക്ഷ്യം:- അക്ഷരത്തെറ്റില്ലാതെ ഭാഷ കൈകാര്യം ചെയ്യാൻ പ്രാപ്തരാക്കുക.
കാലയളവ് - ജൂൺ - മാർച്ച്.
ഭൗതികം:- കൊച്ചുകുട്ടികൾക്കായുള്ള കവിതകൾ, കഥകൾ.
വിഭവം:- അദ്ധ്യാപകർ, രക്ഷിതാക്കൾ.
പ്രവർത്തനം:-

ഓരോ ക്ലാസിനും അനുസരിച്ച് കൊച്ചുകവിതകൾ കഥകൾ എന്നിവ എഴുതാനുള്ള പരിശീലനം നൽകുക. എഴുതിയവ ഉദ്ധരിപ്പിക്കാനുള്ള അവസരം നൽകുക. സംഭാഷണം, ലേഖനം ഇവ സ്വയം തയ്യാറാക്കാനുള്ള പരിശീലനം നൽകുക.

വായിക്കാനും വായിച്ചവ മറ്റ് ഭാഷാരൂപങ്ങളിലേക്ക് മാറ്റാനുമുള്ള പരിശീലനം നൽകുക. വളരുന്ന പുസ്തകം- ഓരോ ക്ലാസിലും കുട്ടികൾ എഴുതിയ കൃതികൾ ഒരു പുസ്തകത്തിൽ ശേഖരിച്ച് വർഷാവസാനം പ്രകാശനം നടത്തുക.

3. ലക്ഷ്യം:- സർഗാത്മകത വളർത്തുക.
കാലയളവ് - ജൂൺ- മാർച്ച്.
ഭൗതികം:- പുസ്തകങ്ങൾ
ചുമതല:- അധ്യാപകർ.
പ്രവർത്തനം:-
വിവിധ സാഹിത്യ രൂപങ്ങളും ബാല സാഹിത്യ കൃതികളും കുട്ടികളെ നിരന്തരമായി പരിചയപ്പെടുത്തുക. വിദ്യാരംഗം പ്രവർത്തനങ്ങൾ പ്രയോജനപ്പെടുത്തുക. 'സർഗവേദി' കുട്ടികളുടെ സ്വന്തം കൃതികളുടെ അവതരണത്തിനായുള്ള വേദിയാക്കിമാറ്റുക.

4. ലക്ഷ്യം:- മികച്ച വായനക്കാരാക്കുക.
കാലയളവ്:- ജൂൺ- മാർച്ച്
ഭൗതികം:- പുസ്തകങ്ങൾ.
ചുമതല:- അധ്യാപകർ, രക്ഷിതാക്കൾ.
പ്രവർത്തനം:-
വായനാ മത്സരങ്ങൾ നടത്തുക. ബാല സാഹിത്യ കൃതികൾ വായിക്കാൻ പ്രേരിപ്പിക്കുക. ദിവസവും ക്ലാസിൽ ഒരു കുട്ടി ഒരു പേജ് എന്ന നിലയിൽ വായിപ്പിക്കുക.

5. ലക്ഷ്യം:- വിവിധ സാഹിത്യ രൂപങ്ങൾ പരിചയപ്പെടുത്തുക.
കാലയളവ്:- ജൂൺ- മാർച്ച്.
ഭൗതികം:- ICT, പുസ്തകങ്ങൾ.
ചുമതല:- അധ്യാപകർ.

പ്രവർത്തനങ്ങൾ:-

ക്ലാസ് തല പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ടു വരുന്ന സാഹിത്യ രൂപങ്ങൾ കുട്ടികൾ കൃതികളിലൂടെ മനസിലാക്കിക്കൊടുക്കുക. ICT യുടെ സഹായത്തോടെ സാഹിത്യ കൃതികൾ പരിചയപ്പെടുത്തുക.

6 ലക്ഷ്യം:- ഭാഷാപരമായ പിന്നോക്കാവസ്ഥ പരിഹരിക്കൽ.

കാലയളവ്:- ജൂൺ - നവംബർ.

ചുമതല:- അധ്യാപകർ, രക്ഷിതാക്കൾ.

ഭൗതികം:- അക്ഷരക്കാർഡ്, ചിത്രങ്ങൾ.

പ്രവർത്തനം:- കുട്ടിയെ അറിയൽ, അക്ഷര ഉറപ്പിക്കൽ അടയാളം ഉറപ്പിക്കൽ, അക്ഷരക്കാർഡ് നൽകൽ, ചെറു വാക്യങ്ങൾ നിർമിക്കൽ. ചിത്രത്തിന് അടിക്കുറിപ്പ് നൽകി അവതരിപ്പിക്കൽ. കഥ ചൊല്ലി പറയാനുള്ള പ്രവർത്തനങ്ങൾ. കഥാപുസ്തകങ്ങൾ നൽകൽ.

7. ശേഷി: ഭാഷാ ആസ്വാദന ശേഷി വർദ്ധിപ്പിക്കുക.

കാലയളവ്:- 6 മാസം,

പിന്തുണ:- അധ്യാപകർ, രക്ഷിതാക്കൾ.

ഭൗതികം:- ICT, സാഹിത്യ രൂപങ്ങൾ.

പ്രവർത്തനം:-

ഭാഷയുടെ വിവിധ ICT സാധ്യതകൾ പരിചയപ്പെടുത്തുക. ഇഷ്ടപ്പെട്ട കലാരൂപങ്ങൾ എങ്ങനെ കണ്ടെത്താം എന്ന് പരിശീലനം നൽകുക. അവ ക്ലാസ് തലത്തിൽ പ്രയോജനപ്പെടുത്തുക.

# ഗണിതം

| | ലക്ഷ്യം | പ്രവർത്തനം | ഉപാധികൾ | കാലയളവ് / ചുമതല |
|---|---|---|---|---|
| 1. | ഗണിതം മികവുറ്റതാക്കുക. | Pre-test എടുത്ത് കുട്ടികളെ തരംതിരിക്കുക. അവരുടെ നിലവാരം മനസ്സിലാക്കി ഗണിത പ്രശ്നങ്ങൾ നൽകി കുട്ടികളുടെ നിലവാരത്തിൽ മാറ്റം വരുത്തുക. | Pre-test Paper | June. അധ്യാപകർ രക്ഷിതാക്കൾ. |
| 2. | ഗണിതത്തോടുള്ള ഭയം ഇല്ലാതാക്കുക. | ക്ലാസ് പ്രവർത്തനങ്ങൾ ഉദ്ഗ്രഥിതമാക്കുക. സ്വയം ചോദ്യങ്ങൾ നിർമിച്ച് ഉത്തരം കണ്ടെത്താനുള്ള അവസരം നൽകുക. എല്ലാദിവസവും ഒരു ഗണിത പ്രശ്നം നിർധാരണം ചെയ്യാനുള്ള പരിശീലനം നൽകുക. | ഗണിത പുസ്തകങ്ങൾ | 1 വർഷം. അധ്യാപകർ രക്ഷിതാക്കൾ. |
| 3. | കുട്ടികളിൽ ഗണിത പഠനത്തിനുള്ള താൽപര്യം സൃഷ്ടിക്കുക. | ഗണിത പ്രോജക്ടുകൾ സംഘടിപ്പിക്കുക. രസകരമായ ഗണിത പ്രശ്നങ്ങൾ നൽകുക. ഗണിത പസിലുകൾ, കുസൃതിക്കണക്കുകൾ, ഗണിത കവിതകൾ, കഥകൾ എന്നിവ പരിചയപ്പെടുത്തുക. | ഗണിത പുസ്തകങ്ങൾ | 1 വർഷം. അധ്യാപകർ |
| 4. | ഗണിതത്തെ നിത്യ ജീവിതവുമായി ബന്ധിപ്പിക്കുക. | നിത്യ ജീവിതത്തിൽ കണ്ടുമുട്ടുന്ന ഗണിത പ്രശ്നങ്ങളെ ക്ലാസിൽ രസകരമായി അവതരിപ്പിക്കുക. ഉത്തരം കണ്ടെത്താനുള്ള അവസരം നൽകുക. രക്ഷിതാക്കളുടെ സഹായത്തോടെ വീട്ടി | | |

| ലക്ഷ്യം. | പ്രവർത്തനം. | കാലയളവ്. | ചിലവുകൾ ഭൗതികം. |
|---|---|---|---|
| | ചെലവുകൾ, വൈദ്യുതി ബില്ല്, കടയിൽ പോയി കിട്ടുന്ന ബില്ലുകൾ ഇവയിൽ ഒരു വിശകലനം നടത്താനുള്ള അവസരം നൽകുക. | | അനുവർഷം |
| 5. ചതുഷ്ക്രിയകൾ ചെയ്യാൻ പ്രാപ്തരാക്കുക. | കാർഡുകൾ തയ്യാറാക്കൽ. മഞ്ചാടിക്കുരു ഉപയോഗിച്ച് ഗണിതകേളികൾ, ഉല്ലാസ ഗണിതം പ്രവർത്തനങ്ങൾ, ഗണിതക്വിസ്, ഗണിത ചോദ്യങ്ങൾ തയ്യാറാക്കൽ, ചോദ്യോത്തര കേളി. | 6 മാസം | കാർഡ്, മഞ്ചാടിക്കുരു ഗണിത പുസ്തകങ്ങൾ. |
| 6. ഗണിത പഠനം ആസ്വാദ്യമാക്കുക. | പ്രവൃത്തിപരിചയമേളകളിലൂടെ ഗണിതോപകരണങ്ങൾ നിർമിക്കുന്ന രക്ഷിതാക്കളുടെ പങ്കാളിത്തം ഉപയോഗിച്ച് ക്ലാസതല ഗണിതകിറ്റ് നിർമിക്കുന്നു. ഗണിത projectകൾ സംഘടിപ്പിക്കുന്നു | 1 വർഷം | ഗണിതോപകരണങ്ങൾക്കുള്ള സാധനങ്ങൾ. |
| 7. മത്സര പരീക്ഷകൾക്ക് കുട്ടികളെ പ്രാപ്തരാക്കുക | L.S.S, ഗണിതമേള എന്നീ മത്സരങ്ങളിലേക്ക് മികച്ച കുട്ടികളെ കണ്ടെത്തി ചെറിയ ക്ലാസുകളിൽ തന്നെ പരിശീലനം നടത്തുക. ഇതിനായി മത്സരങ്ങൾ നടത്തുക. Metric മേള ഗണിതമാഗസിനുകൾ പുറത്തിറക്കുക. | | |

[illegible]: പിന്തുണ. ഭൗതികം.

ഒരു വർഷം

ം കാർഡ്, [illegible] ശാസ്ത്ര പുസ്തകങ്ങൾ.

ഹം ശാസ്ത്രോപകരണങ്ങൾക്കുള്ള സാധനങ്ങൾ.

# പരിസരപഠനം

| | ലക്ഷ്യം | പ്രവർത്തനം | [illegible] |
|---|---|---|---|
| 1. | കൗതുകം, ജിജ്ഞാസ നിരീക്ഷണ പാടവം എന്നിവ പരിപോഷിപ്പിക്കുക. | ജീവികൾ, അവയുടെ അനുകൂലനങ്ങൾ സസ്യങ്ങൾ അവയുടെ പ്രത്യേകതകൾ സവിശേഷതകൾ ഇവ കണ്ടെത്താനുള്ള പ്രവർത്തനങ്ങൾ നൽകുക. ശാസ്ത്രീയ പരീക്ഷണങ്ങൾക്ക് അവസരമൊരുക്കുന്ന ചോദ്യങ്ങൾ ചോദിക്കുക. | കാലയളവ്- 1 വർഷം<br>ഭൗതികം:- പുസ്തകങ്ങൾ സയൻസ് വീഡിയോകൾ പരീക്ഷണ സാമഗ്രികൾ.<br>പിന്തുണ:- അധ്യാപകർ രക്ഷിതാക്കൾ. |
| 2. | [illegible] ശാസ്ത്രീയമായി വ്യാഖ്യാനിക്കാൻ കഴിയുക. | ICT സഹായത്തോടെ സംശയങ്ങൾക്ക് അധ്യാപകരുടെ സാന്നിധ്യത്തിൽ ഉത്തരം കണ്ടെത്തുക. | 1 വർഷം- IT ഉപകരണങ്ങൾ.<br>പിന്തുണ:- അധ്യാപകർ രക്ഷിതാക്കൾ. |
| 3. | നിരന്തരമായി അന്വേഷണം നടത്തുക. | ചോദ്യങ്ങൾ ചോദിക്കാനും ഉത്തരം കണ്ടെത്താനുമുള്ള ആധുനികവഴികൾ കണ്ടെത്തി നൽകുക. പഠനയാത്രകൾ, science exibition ഇവയെല്ലാം സംഘടിപ്പിക്കുക. | കാലയളവ്- 1 വർഷം<br>പിന്തുണ:- അധ്യാപകർ<br>ഭൗതികം:- പഠന പുസ്തകങ്ങൾ. |
| 4. | പ്രകൃതി പ്രതിഭാസങ്ങളെ വിശകലനം ചെയ്യുക. | പ്രകൃതിയിൽ നടക്കുന്ന കാര്യങ്ങൾ ശാസ്ത്രീയമായി വിശകലനം ചെയ്യാനുള്ള പ്രാപ്തിയുണ്ടാക്കി അവയെ മനസിലാക്കാനും അന്ധവിശ്വാസങ്ങൾക്കെതിരെ പോരാടാനും പ്രേരിപ്പിക്കുക. | കാലയളവ്- 1 വർഷം<br>പിന്തുണ:- അധ്യാപകർ രക്ഷിതാക്കൾ.<br>ഭൗതികം:- ശാസ്ത്ര പുസ്തകങ്ങൾ. |

| | ലക്ഷ്യം. | പ്രവർത്തനം | മുതൽമുടക്ക്. |
|---|---|---|---|
| 5. | അന്ധവിശ്വാസങ്ങളെയും അനാചാരങ്ങളെയും ഇല്ലാതാക്കുക. | ശാസ്ത്ര മാസികകൾ വായിക്കാൻ നൽകുക. പത്രം, വാട്സ്ആപ്പ് വാർത്തകൾ ഇവയിലൂടെ ലഭിക്കുന്ന ശാസ്ത്ര വാർത്തകളുടെ ശേഖരം ഉണ്ടാക്കുക. ചുറ്റുപാടുകളിൽ നിന്ന് കണ്ടെടുക്കുന്ന വിഷയങ്ങൾ നിരീക്ഷണത്തിനായി തെരഞ്ഞെടുക്കുക. | ഭൗതികം:- വാർത്തകൾ മാസികകൾ, ICT. കാലയളവ്- 1 വർഷം പിന്തുണ:- അധ്യാപകർ രക്ഷിതാക്കൾ. |
| 6. | ശാസ്ത്രത്തിന്റെ ദുരുപയോഗം തടയുക. | ശാസ്ത്രം വിനാശത്തിനായി ഉപയോഗിക്കപ്പെടാം എന്ന തിരിച്ചറിവ് നൽകുക. യുദ്ധം, കെമിക്കലുകളുടെ അമിത ഉപയോഗം, ശാസ്ത്രത്തിന്റെ പ്രവർത്തനങ്ങൾ ഇവയെല്ലാം ആധുനിക സംവിധാനങ്ങളിലൂടെ മനസിലാക്കിക്കൊടുക്കുന്നു. പഠനയാത്ര, Science exibition ഇവ നടപ്പിലാക്കുന്നു | ഭൗതികം:- ICT അധ്യാപകർ കാലയളവ്:- 1 വർഷം. |
| 7. | പരിസ്ഥിതി സൗഹൃദ മനോഭാവം വളർത്തുക. | ചുറ്റുപാടുകളുള്ള മരങ്ങൾ ജീവജാലങ്ങൾ ഇവയെ അറിയാനുള്ള അവസരം നൽകുന്നു. | കാലയളവ് 1 വർഷം. |

| മറ്റുള്ളവ |
| --- |
| ഭൗതികം:- പത്ര വാർത്തകൾ മാസികകൾ, ICT. |
| കാലയളവ്- 1 വർഷം |
| ചിലവ്:- അധ്യാപകർ രക്ഷിതാക്കൾ. |
| ഭൗതികം= ICT |
| അധ്യാപകർ |
| കാലയളവ്:- 1 വർഷം. |
| കാലയളവ് 1 വർഷം. |

| | ലക്ഷ്യം. | പ്രവർത്തനം | മറ്റുള്ളവ. |
| --- | --- | --- | --- |
| 8. | പ്രകൃതിയിലുള്ള മനുഷ്യന്റെ ഇടപെടൽ വിവേകപൂർണ്ണമാക്കുക. | പത്രവാർത്തകൾ, ന്യൂസ്, CD, ICT ഇവ ഉപയോഗിച്ച് പ്രകൃതിയിലേക്ക് മനുഷ്യന്റെ കടന്നുകയറ്റം സൃഷ്ടിക്കുന്ന ആഘാതങ്ങൾ മനസിലാക്കി കൊടുക്കുക. പ്രകൃതി ദുരന്തങ്ങളിൽ മനുഷ്യന്റെ പങ്ക് മനസിലാക്കുക. പ്രകൃതിയോടുള്ള മനോഭാവത്തിൽ മാറ്റം വരുത്തുന്ന പ്രവർത്തനങ്ങൾ. | കാലയളവ്:- 1 വർഷം<br>ഭൗതികം:- പത്രം CD ICT<br>ചിലവ്:- രക്ഷിതാക്കൾ അധ്യാപകർ. |
| 9. | പ്രകൃതിയിലെ പരസ്പരാശ്രയത്വം തിരിച്ചറിയുക. | Life circle ന്റെ പ്രധാന്യം കാടുകൾ, വന്യജീവികളുടെ സംരക്ഷിതാവസ്ഥ ഇവയെല്ലാം ICT യിലൂടെ കാണിക്കുക. | കാലയളവ് 1 വർഷം |
| 10 | ദൈനംദിന ജീവിതവുമായി പരിസരപഠനത്തെ ബന്ധിപ്പിക്കുക. | എപ്പോഴും നേരിടുന്ന പ്രശ്നങ്ങളെ ശാസ്ത്രീയമായി ബന്ധിപ്പിക്കുക. ചെറു പരീക്ഷണങ്ങൾ നടത്തുക. സയൻസുമായി ബന്ധപ്പെട്ട പ്രദർശനം. | കാലയളവ് 1 വർഷം. |
| 11. | ശാസ്ത്രനേട്ടങ്ങളിൽ അഭിമാനിക്കുക | നാടിനെ അറിയുക. രാജ്യം നേടിയ ചരിത്രനേട്ടങ്ങൾ മനസിലാക്കുക. ഇതിനായി പുസ്തകങ്ങൾ ICT ഉപകരണങ്ങൾ ഉപയോഗിക്കുക. | കാലയളവ് 1 വർഷം. |

| | ലക്ഷ്യം | പ്രവർത്തനം | മറ്റുള്ളവ. |
|---|---|---|---|
| 12. | കുട്ടികളിൽ ശാസ്ത്രാഭിരുചി വളർത്തുക. | ശാസ്ത്രമാസികകൾ നൽകുക. ചെറിയ പരീക്ഷണങ്ങൾ ചെയ്ത് ശാസ്ത്രീയമായ നിഗമനങ്ങളിൽ എത്താൻ സഹായിക്കുക. Science club പ്രവർത്തനങ്ങൾ വിപുലപ്പെടുത്തുക. ക്വിസ്, exibition ഇവ നടത്തുക. | കാലയളവ് 1 വർഷം |
| 13 | വ്യക്തിശുചിത്വം പരിസര ശുചിത്വം ഇവ തിരിച്ചറിയുക. | ബോധവത്ക്കരണം നടത്തുക. ശുചിയല്ലാത്ത കാണുന്ന സാഹചര്യങ്ങളെ ചൂണ്ടിക്കാണിക്കുക. | വർഷം മുഴുവൻ. |
| 14. | ചരിത്ര സ്മാരകങ്ങൾ നിയമങ്ങൾ ഇവയിൽ അവബോധം വളർത്തുക. | പഠനയാത്രകൾ, പൊതുനിയമങ്ങളുടെ ചർച്ചകൾ ബോധവത്ക്കരണ ക്ലാസുകൾ. | വർഷം മുഴുവനും |

1. English-ൽ അനുവിദ്യാർത്ഥികളോട് ആശയ വിനിമയം നടത്തുന്നതിന് എല്ലാവരെയും പ്രാപ്തരാക്കുക.
2. ഇംഗ്ലീഷിലുള്ള ആവിഷ്കാരങ്ങൾക്ക് അവസരം നൽകുക.
3. സ്വതന്ത്ര വായനക്ക് സജ്ജരാക്കുക.

# English.

| | | | |
|---|---|---|---|
| 1. | English-ൽ ആത്മവിശ്വാസത്തോടെ ആശയ വിനിമയം നടത്തുന്നതിന് എല്ലാവരെയും പ്രാപ്തരാക്കുക. | കഥ കേൾക്കാനുള്ള അവസരം എല്ലാ ദിവസവും 1 മണിക്കൂർ Special English class <br> Let's start <br> പുതിയ വാക്കുകൾ കണ്ടെത്തൽ നിയമങ്ങൾ മനസിലാക്കൽ സംസാരിക്കാനുള്ള പരിശീലനം | 1 year <br> Sapport:- parents and teachers. |
| 2. | ഇംഗ്ലീഷിലുള്ള ആവിഷ്കാരങ്ങൾക്ക് അവസരം നൽകുക. | ഓരോ ക്ലാസിലും കുട്ടികളുടെ പഠന പ്രവർത്തനങ്ങൾക്ക് ആവശ്യമായി വരുന്ന സർഗാത്മക രചനകൾ ഒരു പുസ്തകത്തിൽ സൂക്ഷിച്ച് വർഷാവസാനം പ്രസിദ്ധീകരിക്കുക. Skit അവതരണം, Let's start പ്രവർത്തനത്തിലൂടെ കുട്ടികളെ സർഗാത്മക രചനക്ക് പ്രാപ്തരാക്കുക. English കൈകാര്യം ചെയ്യാനുള്ള Confidence വർദ്ധിപ്പിക്കാനായി കഴിയുന്നത്ര കുട്ടികളോട് English സംസാരിക്കുക. | Duration:- 1 year <br> Sapport:- Teachers and parents. |
| 3. | സ്വതന്ത്ര വായനക്ക് സജ്ജരാക്കുക. | Class library യിലുള്ള പുസ്തകങ്ങൾ കുട്ടികളെ വായിച്ചു കേൾപ്പിക്കുക. Language lab പ്രയോജനപ്പെടുത്തുക. ICT, സാധ്യതകളിലൂടെ കഥകൾ നൽകുക. English വായനക്ക് പ്രാധാന്യം നൽകുക | Duration 1 year <br> Sapport:- Class teacher |

| | Aim | Programme | Other |
|---|---|---|---|
| 4. | സ്വതന്ത്ര വായനയ്ക്ക് സജ്ജരാക്കുക. | English books exibition. Conversation videos, story time story writing with a perticular theme. Recipe book Competitions. | proportions:- books and videos. 1 year duration |
| 5. | സാങ്കേതിക വിദ്യാ സാധ്യതകൾ English ഭാഷാ വികസനത്തിന് ഉപയോഗപ്പെടുത്തുക. | Language lab കുട്ടികളുടെ കവിതകൾ, കഥകൾ, skit ഇവയെല്ലാം record ചെയ്യുക. തിരുത്തലിനുള്ള അവസരം നൽകുക. ICT ഉപയോഗിച്ച് English പഠനപ്രവർത്തനങ്ങൾക്ക് രക്ഷിതാക്കൾക്കും പരിശീലനം നൽകുക. | 1 year Sapport:- teachers |
| 6. | നാടകീകരണം | ചെറിയ theme skit ആക്കി മാറ്റി കുട്ടികൾ അവതരിപ്പിക്കുക. School assembly, സർഗവേള ഇവയിൽ അവതരണത്തിന് അവസരം നൽകുക. | |
| 7. | കവിതാലാപനം. | ചെറിയ rhyme കൾ അവതരിപ്പിക്കുക. Adding lines, Choriography ഇവയെല്ലാം പ്രയോജനപ്പെടുത്തുക | 1 year sapport teachers. |
| 8. | ചർച്ചകൾ (Discussions) | ഒരു topic നൽകി discussion അവസരം നൽകുക. English-ൽ സംസാരിക്കാൻ ശീലിപ്പിക്കുക. | |